Malappuram District Police

## 10/06/2018 മഞ്ചേരി

മഞ്ചേരി തുറക്കൽ വെച്ച് കൈതക്കുണ്ട സ്വദേശിയായ യുവാവിൽ നിന്നും കാറും പണവും കവർന്ന് രക്ഷപ്പെട്ട പ്രതികളിലൊരാളെ മഞ്ചേരി പോലീസ് അറസ്റ്റ് ചെയ്തു.

എടവണ്ണ ട്രാവൽസ് നടത്തുന്ന മമ്പാട് ബീമ്പുങ്ങല് സ്വദേശി ഇടത്തൊടി അലി (28 വയസ്സ്) എന്നയാളാണ് അറസ്റ്റിലായത്.

കഴിഞ്ഞ തിങ്കളാഴ്ച രാത്രിയാണ് (07.06.2018 തിയ്യതി) കേസിനാസ്പദമായ സംഭവം നടന്നത്.

പരാതിക്കാരന് നൽകാനുള്ള പണം തരാമെന്ന് വിശ്വസിപ്പിച്ച് വിളിച്ച് വരുത്തിയ പ്രതികൾ മഞ്ചേരി തുറക്കൽ വെച്ച് പരാതിക്കാരനെ കാറില് നിന്നും ഇറക്കി കാറും പണവും കവർച്ച ചെയ്ത് കൊണ്ടുപോയി എന്നതാണ് കേസിനാസ്പദമായ സംഭവം. കേസിൽ ഉൾപ്പെട്ട മറ്റ് പ്രതികൾക്കായി അന്വേഷണം ഊർജ്ജിതമാക്കിയിട്ടുണ്ട്.

ഇവർ കവർന്ന കാര് പിന്നീട് കാരക്കുന്നില് നിന്നും കണ്ടെടുത്തു.

മഞ്ചേരി സി.ഐ എൻ.ബി. ഷൈജുവിന്റെ നേതൃത്വത്തിൽ എസ്.ഐ. മാരായ കെ. അബ്ദുൾ ജലീല്, ഷാജിമോൻ. എം.ജെ, സ്പെഷ്യൽ സ്കാഡ് അംഗങ്ങളായ പി. മുഹമ്മദ് സലീം, എൻ.എം. അബ്ദുല്ല ബാബു എന്നിവരാണ് പ്രതിയെ പിടികൂടിയത്.